"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്-ഭരണകാര്യം–2020-21 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (പി) വകുപ്പ്**

**സ.ഉ.(സാധാ) നം.2312/2021/പൊ.വി.വ** തീയതി,തിരുവനന്തപുരം, 26/03/2021

---

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/03/2021-ലെ എച്ച്2/1294/2021/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് 19 കാരണം 2020-21 അക്കാദമിക് വർഷം സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കുവാൻ സാധിക്കാത്തിനാൽ കെ.ഇ.ആർ അധ്യായം XXVIII ചട്ടം 4-ൽ നിർദ്ദേശിക്കുന്ന പ്രകാരം എയ്ഡഡ് സ്കൂളുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും, ആയതിനാൽ മുൻ വർഷത്തെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് സ്പഷ്ടീകരണം നൽകണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ, കെ.ഇ.ആർ XXVIII ചട്ടം 6(i) അനുസരിച്ച് എല്ലാ വർഷവും ഒക്ടോബർ മാസം ഒന്നാം തീയതിക്കുമുൻപ് ലഭിക്കത്തക്കവിധം കെ.ഇ.ആർ 28 നമ്പർ ഫാറത്തിൽ സ്കൂൾ മാനേജർ മെയന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകണമെന്ന ചട്ടത്തിനും ഈ വർഷം ഇളവനുവദിക്കേണ്ടതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം കത്ത് പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ 2020-21 അധ്യയന വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് എയ്ഡഡ് സ്കൂളുകൾക്ക് അനുവദിക്കുന്നതിനായി താഴെ പറയുന്ന വിധത്തിൽ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 2019-20 വർഷത്തെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാവുന്നതാണ്.
2. എല്ലാ വർഷവും ഒക്ടോബർ മാസം ഒന്നാം തീയതിക്കു മുൻപ് ലഭിക്കത്തക്കവിധം കെ.ഇ.ആർ 28 നമ്പർ ഫാറത്തിൽ സ്കൂൾ മാനേജർ മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകണമെന്ന ചട്ടത്തിന് ഈ വർഷത്തേക്ക് (2020-21) മാത്രം ഇളവ് അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by Sheeba Jayadevan
Date: 2021.03.26 17:19:12 IST
Reason: Approved

സെക്ഷൻ ഓഫീസർ